**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 989** **12-06-2024 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ സെൻസസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവസാനമായി വന്യമൃഗങ്ങളുടെ സെൻസസ് എടുത്തത് എന്നാണ്; വിശദാംശം നൽകാമോ; | (എ) | 2022-ൽ അഖിലേന്ത്യാ തലത്തിൽ നടന്ന കടുവകളുടെ കണക്കെടുപ്പ് പ്രകാരം 213 (± 16) കടുവകൾ കേരളത്തിൽ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. കടുവകളുടെ കണക്കെടുക്കുന്ന എട്ടു ദിവസത്തെ ഫീൽഡ് സർവ്വേയിൽ കടുവകളുടെ സഹമാംസഭോജികൾ, അവയുടെ ഇരയായ മൃഗങ്ങൾ, എന്നിവയുടെ കണക്കെടുപ്പ്, അവയുടെ ആവാസ വ്യവസ്ഥയുടെ പ്രത്യേകതകൾ നിരീക്ഷിക്കൽ, 30 ദിവസങ്ങളോളം നീളുന്ന ക്യാമറാ ട്രാപ്പിംഗ് എന്നിവ അടങ്ങുന്നുണ്ട് .<br><br>വയനാട് ലാന്റ്സ്കേപ്പിലെ കടുവകളുടെ വാഹകശേഷി കവിഞ്ഞുവരുന്നു എന്നുള്ള പൊതുജനങ്ങൾക്കിടയിലെ പ്രചാരണത്തിന്റെ പശ്ചാത്തലത്തിൽ കടുവയുടെ എണ്ണം കൃത്യമായി കണ്ടെത്തുന്നതിനു വേണ്ടി സർക്കാർ നിർദ്ദേശ പ്രകാരം കേരള വനം വകുപ്പും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൌണ്ടേഷനും സംയുക്തമായി നടത്തിയ കടുവകളുടെ കണക്കെടുപ്പിൽ 2023 ൽ വയനാട് മേഖലയിൽ (വയനാട്, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങൾ, കണ്ണൂർ, വയനാട് നോർത്ത്, വയനാട് സൌത്ത് എന്നീ ടെറിറ്റോറിയൽ ഡിവിഷനുകൾ) 84 കടുവകൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. അതിൽ 69 കടുവകൾ വയനാട് വന്യജീവി സങ്കേതത്തിൽ നിന്നും എട്ടു കടുവകൾ വയനാട് നോർത്ത് ഡിവിഷൻ പരിധിയിൽ നിന്നും ഏഴെണ്ണം വയനാട് സൌത്ത് ഡിവിഷൻ പരിധിയിൽ നിന്നുമാണ്.<br><br>2023 ൽ എലിഫന്റ് റിസർവ്വ് അടിസ്ഥാനത്തിൽ നടത്തിയ കാട്ടാനകളുടെ കണക്കെടുപ്പ് പ്രകാരം ബ്ലോക്ക് കൌണ്ട് രീതിയിൽ സംസ്ഥാനത്ത് 1920 |

| | | | |
|---|---|---|---|
| | | | (1914-1926) എണ്ണവും, ഡംഗ് കൗണ്ട് പ്രകാരം 2386 എണ്ണവും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.<br><br>2022 ൽ അഖിലേന്ത്യാ തലത്തിൽ നടത്തിയ കണക്കെടുപ്പ് പ്രകാരം 570 (± 76) പുള്ളിപ്പുലികൾ സംസ്ഥാനത്ത് ഉള്ളതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.<br><br>2023 ൽ ഇരവികുളം നാഷണൽ പാർക്കിൽ നടന്ന വരയാടുകളുടെ ബ്ലോക്കുതല കണക്കെടുപ്പ പ്രകാരം 803 (791-839) വരയാടുകൾ ഉള്ളതായി കണക്കാക്കിയിരിക്കുന്നു. |
| (ബി) | സെൻസസ് പ്രകാരം ഓരോ ഇനത്തിലും ഉൾപ്പെട്ട വന്യമൃഗങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | 2022-ൽ അഖിലേന്ത്യാ തലത്തിൽ നടന്ന കടുവകളുടെ കണക്കെടുപ്പ് പ്രകാരം 213 (± 16) കടുവകൾ കേരളത്തിൽ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. കടുവകളുടെ കണക്കെടുക്കുന്ന എട്ടു ദിവസത്തെ ഫീൽഡ് സർവ്വേയിൽ കടുവകളുടെ സഹമാംസഭോജികൾ, അവയുടെ ഇരയായ മൃഗങ്ങൾ, എന്നിവയുടെ കണക്കെടുപ്പ്, അവയുടെ ആവാസ വ്യവസ്ഥയുടെ പ്രത്യേകതകൾ നിരീക്ഷിക്കൽ, 30 ദിവസങ്ങളോളം നീളുന്ന ക്യാമറാ ട്രാപ്പിംഗ് എന്നിവ അടങ്ങുന്നുണ്ട് .<br><br>വയനാട് ലാന്റ്സ്കേപ്പിലെ കടുവകളുടെ വാഹകശേഷി കവിഞ്ഞുവരുന്നു എന്നുള്ള പൊതുജനങ്ങൾക്കിടയിലെ പ്രചാരണത്തിന്റെ പശ്ചാത്തലത്തിൽ കടുവയുടെ എണ്ണം കൃത്യമായി കണ്ടെത്തുന്നതിനു വേണ്ടി സർക്കാർ നിർദ്ദേശ പ്രകാരം കേരള വനം വകുപ്പും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൌണ്ടേഷനും സംയുക്തമായി നടത്തിയ കടുവകളുടെ കണക്കെടുപ്പിൽ 2023 ൽ വയനാട് മേഖലയിൽ (വയനാട്, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങൾ, കണ്ണൂർ, വയനാട് നോർത്ത്, വയനാട് സൌത്ത് എന്നീ ടെറിറ്റോറിയൽ ഡിവിഷനുകൾ) 84 കടുവകൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. അതിൽ 69 കടുവകൾ വയനാട് വന്യജീവി സങ്കേതത്തിൽ നിന്നും എട്ടു കടുവകൾ വയനാട് നോർത്ത് ഡിവിഷൻ പരിധിയിൽ നിന്നും ഏഴെണ്ണം വയനാട് സൌത്ത് ഡിവിഷൻ പരിധിയിൽ നിന്നുമാണ്.<br><br>2023 ൽ എലിഫന്റ് റിസർവ്വ് അടിസ്ഥാനത്തിൽ നടത്തിയ കാട്ടാനകളുടെ കണക്കെടുപ്പ് പ്രകാരം |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് കൌണ്ട് രീതിയിൽ സംസ്ഥാനത്ത് 1920 (1914-1926) എണ്ണവും, ഡംഗ് കൌണ്ട് പ്രകാരം 2386 എണ്ണവും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.<br><br>2022 ൽ അഖിലേന്ത്യാ തലത്തിൽ നടത്തിയ കണക്കെടുപ്പ് പ്രകാരം 570 (± 76) പുള്ളിപ്പുലികൾ സംസ്ഥാനത്ത് ഉള്ളതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.<br><br>2023 ൽ ഇരവികുളം നാഷണൽ പാർക്കിൽ നടന്ന വരയാടുകളുടെ ബ്ലോക്കുതല കണക്കെടുപ്പ പ്രകാരം 803 (791-839) വരയാടുകൾ ഉള്ളതായി കണക്കാക്കിയിരിക്കുന്നു. |
| (സി) | ഇടുക്കി ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ; | (സി) | വർദ്ധിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല |
| (ഡി) | വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ മരണമടഞ്ഞ ആളുകളുടെ കുടുംബത്തിനുള്ള ധനസഹായം നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ